**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2445** **08.12.2015-ൽ മറുപടിയ്ക്ക്**

# പട്ടികവർഗ്ഗ കോളനികളിലെ സമഗ്ര വികസന പദ്ധതി

**ചോദ്യം**
**ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

**മറുപടി**
**ശ്രീമതി. പി. കെ. ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളാണ് സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ) | ഹാംലറ്റ് വികസന പദ്ധതിയിൽ 2014-15 വർഷം കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കരിങ്കുറ്റി, അത്തിക്കുനി, നാട്ടുകാണിക്കൊല്ലി, ആലക്കണ്ടി, കാവുംമൂട്ടിൽ, പാലുകാപ്പ്, പാലൂക്കര എന്നീ കോളനികൾ ഉൾപ്പെട്ട ഒരു ക്ലസ്റ്റർ, കല്ല് മൊട്ടംകുന്ന്-ഉപ്പാരിമൂലകോളനി എന്നിവയും 2015-16 വർഷം കല്ലംചിറ ആബേൽ കോളനി, കാവാടം കോളനി എന്നിവയുടെ ഒരു ക്ലസ്റ്ററും ഉൾപ്പെടുന്നു. |
| ബി) | പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പട്ടികവർഗ്ഗ കോളനികളിൽ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | പട്ടികവർഗ്ഗസങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു.<br>അടിസ്ഥാന സൗകര്യങ്ങളായ റോഡ്, നടപ്പാത എന്നിവ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് സംവിധാനം, വൈദ്യുതീകരണം, സൗരോർജ്ജ വൈദ്യുതീകരണം, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, ഭവന പുനരുദ്ധാരണം, മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റി ഹാൾ/ കളിസ്ഥലം |

| | | | |
|---|---|---|---|
| | | | തുടങ്ങിയ പൊതുസൗകര്യങ്ങൾ, ജലസേചനം, അടുക്കളതോട്ട നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പട്ടിക വർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം നടപ്പിലാക്കുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| സി) | പദ്ധതി എന്നേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | സി) | 2014-15 വർഷത്തെ ടി പദ്ധതി അംഗീകൃത ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നത് അന്തിമഘട്ടത്തിലാണ്. 2015-16 വർഷത്തെ പദ്ധതി പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ